

വാഴക്കുളം വിശ്വജ്യോതി കോളജിലെ എൻഎസ്എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ വിദ്യാർഥികൾ ഭൂതത്താൻകെട്ട് പാർക്ക് ശുചീകരിക്കുന്നു.

# ഭൂതത്താൻകെട്ട് പാർക്ക് വൃത്തിയാക്കി വിശ്വജ്യോതി കോളജിലെ വിദ്യാർഥികൾ

മൂവാറ്റുപുഴ● ലോക വിനോദ സഞ്ചാര ദിനത്തോടനുബന്ധിച്ച് ഡിടിപിസിയുടെ നേതൃത്വത്തിൽ ഭൂതത്താൻകെട്ട് ഡാമിനു സമീപമുള്ള ഭൂതത്താൻകെട്ട് പാർക്ക് വൃത്തിയാക്കി വാഴക്കുളം വിശ്വജ്യോതി കോളജിലെ വിദ്യാർഥികൾ. കോളജിലെ എൻഎസ്എസ് യൂണിറ്റിന്റെ നേതൃത്വത്തിലായിരുന്നു ശുചീകരണ പ്രവർത്തനങ്ങൾ.

കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് അംഗം ലിസി ഔസേപ്പച്ചൻ ഉദ്ഘാടനം ചെയ്തു.

വിദേശത്തു നിന്നുൾപ്പെടെ ഒട്ടേറെ വിനോദ സഞ്ചാരികൾ എത്തുന്ന ഭൂതത്താൻകെട്ട് പാർക്കിൽ അടിഞ്ഞു കൂടിയിരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെ നീക്കം ചെയ്താണു ശുചീകരണം പൂർത്തിയാക്കിയത്.